**തിരുവനന്തപുരം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

വിഷയം :- ആ.വ.ഡ- ജീവനക്കാര്യം -പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) ഉത്തരവ് നം. എഫ്.ഡബ്ല്യു.എ 5/7776/21/ആ.വ.ഡ തീയതി.13/08/2021.

2) 14/08/2021-ലെ ശ്രീമതി. ലൂയിസ സെബാസ്റ്റ്യന്റെ അപേക്ഷ.

**ഉത്തരവ് നം .എഫ്.ഡബ്ല്യു.എ 5 - 7776 / 2021/ആ.വ.ഡ തീയതി. 25/08/2021**

മേൽ പരാമർശം (1) പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായിരുന്നതിൽ ക്രമ നം. (2) ശ്രീമതി. ലൂയിസ സെബാസ്റ്റ്യൻ എന്നവർക്ക് പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും കൊല്ലം ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ വിരമിക്കലിന് അഞ്ചുമാസം മാത്രം ബാക്കി സേവന കാലാവധി ഉള്ളതിനാൽ കൊല്ലം ജില്ലയിലേക്ക് അനുവദിച്ചിരുന്ന സ്ഥലം മാറ്റം റദ്ദുചെയ്യണമെന്നും പാലക്കാട് ജില്ലയിൽ തുടരുവാൻ അനുവദിക്കണമെന്നും സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് പരിശോധിച്ച് ശ്രീമതി. ലൂയിസ സെബാസ്റ്റ്യന് കൊല്ലം ജില്ലയിലേക്ക് അനുവദിച്ചിരുന്ന സ്ഥലം മാറ്റം റദ്ദുചെയ്യുന്നു. ശ്രീമതി. ലൂയിസ സെബാസ്റ്റ്യന് നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ തുടരാവുന്നതാണ്.

**(ഒപ്പ്)**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (കുടുംബക്ഷേമം)**

സ്വീകർത്താവ്

ശ്രീമതി. ലൂയിസ സെബാസ്റ്റ്യൻ
പബ്ലിക് ഹെൽത്ത് നഴ്സ്
പി.എച്ച്.സി നെല്ലിയാമ്പതി
പാലക്കാട് ( ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)/ കൊല്ലം / പാലക്കാട്.
2. മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്, പി.എച്ച്.സി നെല്ലിയാമ്പതി, പാലക്കാട്
3. ഫയൽ / കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

Shuly '9

**സൂപ്രണ്ട്**

എം.എസ് 27/8/2021

GOVERNMENT OF KERALA 2017-18